

THURSDAY 08-12-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : Sreekala S** **Editor : Dr. Saritha Vijayan K**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-08/12/2022.

1. 2010 വർഷം മുതൽ ജൈവസാക്ഷ്യ പത്രത്തോടെ പ്രവർത്തിച്ചുവരുന്ന സംസ്ഥാന കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ആലുവ തുരുത്ത് സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തെ രാജ്യത്തെ തന്നെ ആദ്യത്തെ കാർബൺ ന്യൂട്രൽ ഫാം ആയി മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിക്കുന്നു. ഇതിന്റെ ഭാഗമായി ഈ മാസം പത്തിന് (ഡിസംബർ 10) രാവിലെ 10 മണിക്ക് മുഖ്യമന്ത്രി ഫാം സന്ദർശനവും കാർബൺ ന്യൂട്രൽ ഫലകം അനാച്ഛാദനവും നടത്തുന്നു. തുടർന്ന് 11 മണിക്ക് ആലുവ ടൗൺ ഹാളിൽ വച്ച് ആലുവ ഫാം കാർബൺ ന്യൂട്രൽ ആയി മുഖ്യമന്ത്രി പ്രഖ്യാപിക്കുന്നതാണ്. കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ നടക്കുന്ന പ്രസ്തുത സമ്മേളനത്തിൽ വ്യവസായ നിയമ വകുപ്പ് മന്ത്രി പി രാജീവ് മുഖ്യ പ്രഭാഷണം നടത്തും.

2. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല, പരശുവയ്ക്കലിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ആട് വളർത്തൽ കേന്ദ്രം, ദേശീയതലത്തിൽ, മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി നവീകരിച്ച ഓഫീസ് കെട്ടിടത്തിന്റെയും ക്വാറന്റൈൻ ഷെഡിന്റെയും ഉദ്ഘാടനം 2022 ഡിസംബർ 9 വെള്ളിയാഴ്ച വൈകുന്നേരം 3 മണിക്ക് സംസ്ഥാന മൃഗസംരക്ഷണ, ക്ഷീര വികസന, മൃഗശാല വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി നിർവഹിക്കും. ഇതുവഴി ഈ കേന്ദ്രത്തിൽ ഏകദേശം ആയിരം ആടുകളെ വളർത്തുകയും, ഉത്പാദിപ്പിക്കുന്ന ആട്ടിൻകുട്ടികളെ കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകുകയും ചെയ്യും.

3. സംസ്ഥാനത്ത് കാർഷികോത്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും നാളികേരത്തിനും, റബ്ബറിനും ഉണ്ടാകുന്ന വിലയിടിവ് തടയുവാനും സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ്. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ ഈ വർഷം ജനുവരി മുതൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, വി.എഫ്.പി.സി.കെ, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) തുടങ്ങിയവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചു വരുന്നത്. നിലവിൽ 79 കേന്ദ്രങ്ങളിലൂടെയാണ് പച്ചത്തേങ്ങ

സംഭരണം നടത്തിവരുന്നത്. അതിൽ കേരഫെഡ് 4 സംഭരണ കേന്ദ്രങ്ങളിലൂടെ നേരിട്ടും, 13 സ്ഥലങ്ങളിൽ സൊസൈറ്റികൾ മുഖേനയും, 49 സംഭരണകേന്ദ്രങ്ങളിൽ വി.എഫ്.പി.സി.കെ മുഖേനയും, 13 സംഭരണകേന്ദ്രങ്ങളിൽ KSCDC മുഖേനയുമാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് കേര കർഷകനെ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ കേരഫെഡിനോട് 27 സംഭരണ കേന്ദ്രവും, വി.എഫ്.പി.സി.കെ യോട് 28 സംഭരണകേന്ദ്രവും, KSCDC യോട് 30 സംഭരണകേന്ദ്രവും അധികമായി ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കേരഫെഡും, വി.എഫ്.പി.സി.കെ -യും ആരംഭിക്കുന്ന പുതിയ സംഭരണകേന്ദ്രങ്ങളിൽ 11 എണ്ണം വീതം മൊബൈൽ സംഭരണ കേന്ദ്രങ്ങൾ ആയി പ്രവർത്തിക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്നും കൃഷിമന്ത്രി പി. പ്രസാദ് അറിയിച്ചു.

4. സംസ്ഥാനത്തെ ഓരോ കൃഷിഭവന്റെയും കീഴിൽ ഓരോ മൂല്യ വർദ്ധിത ഉൽപ്പന്നം എന്ന നിലയിൽ പ്രാദേശിക ഉത്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണിയിൽ എത്തിക്കുമെന്ന് കൃഷി മന്ത്രി പി പ്രസാദ് അഭിപ്രായപ്പെട്ടു. തിരുവനന്തപുരം കരകുളം ഗ്രാമപഞ്ചായത്ത് കൃഷിഭവന്റെ കീഴിലുള്ള കേരഗ്രാമം പദ്ധതി കരകുളം ഗവൺമെന്റ് യുപിഎസ് സ്കൂൾ അങ്കണത്തിൽ വച്ച് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. നാളികേര വികസന പദ്ധതിയുടെ കീഴിൽ തെങ്ങിന്റെ ഉൽപാദനവും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി, ജലസേചന സൗകര്യങ്ങൾ, രോഗബാധിതമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപാദനശേഷിയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ, മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനം തുടങ്ങിയ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ സ്ഥലത്താണ് കേരഗ്രാമം പദ്ധതി തുടർച്ചയായ മൂന്ന് വർഷങ്ങളിലായി നടപ്പിലാക്കുന്നത്. ആദ്യവർഷം 25 ലക്ഷം രൂപയാണ് ഒരു കേര ഗ്രാമത്തിന് അനുവദിച്ചിട്ടുള്ളത്.

5. മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നും ഇറച്ചി ആവശ്യത്തിനുള്ള കോഴികൾ കിലോയ്ക്ക് **തൊണ്ണൂറ്** രൂപ നിരക്കിൽ ഇന്ന് (ഡിസംബർ 08) രാവിലെ 11 മണി മുതൽ 01 മണി വരെ വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481 2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടികൾ

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബർപാലിന്റെ ഉണക്കത്തൂക്കം** (ഡി.ആർ.സി.) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് ഡിസംബർ 14 മുതൽ 16 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127, 7306464582** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററിൽ ക്ഷീര കർഷകർക്കായി **ശാസ്ത്രീയ പശു പരിപാലനം** എന്ന വിഷയത്തെ ആസ്പദമാക്കി **ഡിസംബർ 12 മുതൽ 17 വരെ** ആറ് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **0473 4299869, 9495390436, 9464453247** എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുകയോ, വാട്സാപ്പ് ചെയ്തോ പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 35 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

8. മഴക്കാലത്തും മഞ്ഞു കാലത്തും വ്യാപകമായി ചീരയിൽ കാണാൻ സാധ്യതയുള്ള ഒരു രോഗമാണ് **ഇലപ്പുള്ളി രോഗം.** ഇലകളിൽ വെള്ള നിറത്തോടുകൂടിയ പൊട്ടുകൾ പ്രത്യക്ഷപ്പെടുന്നതാണ് ആരംഭ ലക്ഷണം. രോഗം വരാതെ പ്രതിരോധിക്കുന്നതിനായി പച്ചയും ചുവപ്പും ചീരകൾ ഇടകലർത്തി നടുക, സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് 10 ദിവസത്തെ ഇടവേളകളിലായി തളിച്ച് കൊടുക്കുക. 40 ഗ്രാം പാൽക്കായം 8 ഗ്രാം അപ്പക്കാരം 32 ഗ്രാം മഞ്ഞൾ പൊടി എന്നിവ 10 ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ തളിച്ച് കൊടുക്കുന്നതും രോഗ പ്രതിരോധ ശേഷിയ്ക്ക് ഉപകരിക്കും രോഗം നിയന്ത്രിക്കുന്നതിനായി പുതിയ ചാണകത്തിന്റെ തെളിഞ്ഞ ലായനിയിൽ 20 ഗ്രാം സുഡോമോണാസ് ഒരു ലിറ്ററിന് എന്ന തോതിൽ ഇലകളിൽ തളിച്ച് കൊടുക്കുക.